**ശ്രദ്ധക്ഷണിക്കൽ**

## ഉപാധിരഹിത പട്ടയം

<u>ശ്രീ. രാജു എബ്രഹാം</u>: സർ, പട്ടയത്തിനുവേണ്ടിയുള്ള ശ്രദ്ധക്ഷണിക്കലും അടിയന്തരപ്രമേയങ്ങളും സബ്മിഷനുകളുമെല്ലാം പല സന്ദർഭങ്ങളിലും മെമ്പർമാർ സഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. പക്ഷെ ഈ പ്രശ്നത്തെ പൂർണ്ണമായും അഡ്രസ് ചെയ്യാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. കേരളത്തിൽ 10 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് പട്ടയം കിട്ടാനുണ്ട്. അതിൽ ഏറ്റവും കൂടുതൽ മലയോര പട്ടയം തന്നെയാണ്. രണ്ട് നീതിയാണ് കേരളത്തിലെ ജനങ്ങൾക്ക് നമ്മൾ നൽകുന്നത്. പട്ടയമില്ലാത്തവർക്ക് യാതൊരു അവകാശങ്ങളുമില്ല. ഇത് നീതി നിഷേധമാണ്, ഇത് ശരിയല്ല. കേന്ദ്ര ഗവൺമെന്റിനെ സമീപിച്ച് ഭൂമി ഡിസ്റിസർവ് ചെയ്യണമെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുകയും കേന്ദ്രാനുമതിയോടെ പട്ടയം കൊടുക്കുകയും വേണം. തെരഞ്ഞെടുപ്പ് വന്നപ്പോൾ വോട്ട് കിട്ടാനായി കഴിഞ്ഞ ഗവൺമെന്റ് വ്യാജപട്ടയം നൽകി. അങ്ങനെയല്ല പട്ടയം കൊടുക്കേണ്ടത്. വയനാട് ജില്ലയിൽ 20,000-ത്തോളം കുടുംബങ്ങൾക്കും ഇടുക്കി ജില്ലയിൽ 50,000-

ത്തോളം കുടുംബങ്ങൾക്കും പട്ടയം കൊടുക്കാനുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം കുറേ പട്ടയം കൊടുത്തു. മുഖ്യമന്ത്രിയെയും റവന്യൂ വകുപ്പുമന്ത്രിയെയും മന്ത്രിസഭയെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. നല്ല കാര്യം ചെയ്താൽ നമ്മൾ അഭിനന്ദിക്കണം. പക്ഷെ ബാക്കി കിടക്കുകയാണ്. പത്തനംതിട്ട, തൃശ്ശൂർ, മലയോര ജില്ലകൾ എന്നിവിടങ്ങളിൽ ഇനിയും പട്ടയം ലഭിക്കാനുള്ള 10 ലക്ഷം കുടുംബങ്ങളുണ്ട്. 60,000-ത്തോളം ആളുകളെ ബാധിക്കുന്ന വലിയൊരു പ്രശ്നമാണിത്. ഈ പ്രശ്നത്തിന് സമയബന്ധിതമായി പരിഹാരം കാണാൻ ഗവൺമെന്റ് സന്നദ്ധമാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇപ്പോഴും കേരളത്തിൽ ഒരുപാട് പേരുടെ കൈവശമിരിക്കുന്ന ഭൂമിക്ക് പട്ടയം ലഭിക്കേണ്ടതുണ്ടെന്നുള്ളത് വസ്തുതയാണ്. ബഹുമാനപ്പെട്ട അംഗം പ്രധാനമായി ഇവിടെ ചൂണ്ടിക്കാണിച്ചത് 01-01-1977-ന് മുമ്പ് വനംഭൂമി കൈവശം വച്ച് അനുഭവിച്ചുപോരുന്നവർക്ക് പട്ടയം അനുവദിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ്. അതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ മേഖലയിൽ മാത്രം

പതിനായിരക്കണക്കിന് ആളുകൾക്ക് പട്ടയം നൽകാൻ സാധിച്ചിട്ടുണ്ട്. അത് അദ്ദേഹം സൂചിപ്പിക്കുകയും ചെയ്തു. അങ്ങനെ ഏറ്റവും കൂടുതൽ പട്ടയം നൽകിയിട്ടുള്ളത് ഇടുക്കി ജില്ലയിലാണ്. പത്തനംതിട്ട ജില്ലയിൽ 01-01-1977-ന് മുമ്പ് മുതൽ വനഭൂമി കൈവശംവച്ച് അനുഭവിച്ചുപോരുന്നവർക്ക് ജോയിന്റ് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ച മേഖലകളിൽ പട്ടയം വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. തീർച്ചയായും പത്തനംതിട്ട ജില്ലയിലും അത് വിതരണം ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്. 16,311.77 ഹെക്ടർ ഭൂമി ഇപ്പോൾ പതിച്ചുനൽകുകയുണ്ടായി. ഇടുക്കിയിലാണ് അതിൽ 14,687 ഹെക്ടർ പതിച്ചുനൽകിയത്. മൊത്തം നൽകേണ്ടത് 28,588 ഹെക്ടറാണ്. അവശേഷിക്കുന്ന ഭൂമികൂടി പതിച്ചുനൽകാനുണ്ട്. എത്രയുംവേഗം അതിനുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ്. പത്തനംതിട്ട ജില്ലയിലെ 01-01-1977-ന് മുമ്പ് കൈവശമിരിക്കുന്ന വനഭൂമിയുടെ പട്ടയം ഉൾപ്പെടെ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: പല സ്ഥലങ്ങളിലും ഉപാധികളോടുകൂടിയാണ് പട്ടയം കൊടുത്തിരിക്കുന്നത്. ഉപാധിരഹിത പട്ടയം നൽകുന്ന കാര്യത്തിൽ അങ്ങയുടെ നിലപാടെന്താണ്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നൽകിക്കൊണ്ടിരിക്കുന്ന പട്ടയം ഉപാധിരഹിത പട്ടയംതന്നെയാണ്. ഇടുക്കി ജില്ലയിൽ നൽകിയ പട്ടയവും ഉപാധിരഹിത പട്ടയമാണ്. അതിൽ നേരത്തേയുണ്ടായിരുന്ന വരുമാനപരിധി ഉൾപ്പെടെ എടുത്തുകളഞ്ഞിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഉപാധിരഹിതമായ പട്ടയമാണ് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്.

## യാത്രാ സൗകര്യങ്ങളിലെ ന്യൂനത പരിഹരിക്കൽ

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ വിഷയം പല സന്ദർഭങ്ങളിലും നമ്മൾ ചർച്ച ചെയ്തിട്ടുള്ളതാണ്. പക്ഷെ നിർഭാഗ്യവശാൽ ഇക്കാര്യത്തിൽ കൃത്യമായ നടപടി സ്വീകരിക്കുന്നതിൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന് കഴിയാതെ പോകുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. സ്കൂൾ കുട്ടികളെ വിവിധ വാഹനങ്ങളിൽ സ്കൂളുകളിൽ എത്തിക്കുന്നുണ്ട്. ഓട്ടോറിക്ഷ, പ്രൈവറ്റ് വാൻ, ജീപ്പ് തുടങ്ങിയ വാഹനങ്ങളിലെല്ലാം കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്നത് വളരെ സാധാരണമാണ്. ഇത് സംബന്ധിച്ചുള്ള ആശങ്കകൾ ഉയരുമ്പോൾ എല്ലാ ഗവൺമെന്റുകളുടെയും കാലത്തെ മന്ത്രിമാർ നൽകിയിട്ടുള്ള മറുപടി ഇത് നിയന്ത്രിക്കും എന്നുള്ളതാണ്. പക്ഷെ ഈ കാര്യത്തിൽ ഒരു നിയന്ത്രണവും ഉണ്ടാകുന്നില്ല. കുട്ടികളെ അമിതമായി

കുത്തിനിറച്ചുകൊണ്ട് പോകുന്നതും അലക്ഷ്യമായി വാഹനങ്ങൾ ഓടിക്കുന്നതും കാണാൻ കഴിയാറുണ്ട്. പല വാഹനങ്ങൾക്കും ഫിറ്റ്നസ് ഉണ്ടോയെന്ന കാര്യംപോലും സംശയമാണ്. ഇത് പ്രൈവറ്റ് കോൺട്രാക്ട് വാഹനങ്ങളുടെ കാര്യമാണ്. മതിയായ ഫിറ്റ്നസ് ഇല്ലാത്ത വാഹനങ്ങൾ പല സ്കൂളുകൾക്കും കോളേജുകൾക്കും ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. പലപ്പോഴും അതിന്റെയെല്ലാം പരിശോധന പ്രഹസനമാകുകയാണ്. ഇതുമായി ബന്ധപ്പെട്ട് ഒരുപാട് ചട്ടങ്ങളും നടപടിക്രമങ്ങളുമുണ്ട്. ചെറിയൊരു ഉദാഹരണം പറഞ്ഞാൽ, സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളിൽ കുട്ടികളുടെ ബാഗ് വയ്ക്കാൻ ആവശ്യത്തിന് സ്ഥലം വേണമെന്ന നിബന്ധനയുണ്ട്. അതുപോലും ഉണ്ടാകുന്നില്ലെന്നത് വസ്തുതയാണ്. ഇത് പലപ്പോഴും അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്ന നിലയിലേയ്ക്ക് മാറാറുണ്ട്. വലിയ അപകടങ്ങളുണ്ടാകുമ്പോഴാണ് സ്വാഭാവികമായും നമ്മൾ ചർച്ച ചെയ്യുന്നതും പത്രങ്ങളിലെല്ലാം വലിയ വാർത്തകൾ വരുന്നതും. ചെറിയ അപകടങ്ങൾ നമ്മൾ ശ്രദ്ധിക്കാതെ പോകുകയാണ്. ഇക്കാര്യത്തിൽ ഇനിയെങ്കിലും ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇല്ലെങ്കിൽ ഇത് വലിയ രീതിയിലുള്ള പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. അനധികൃത വാഹനങ്ങളിലാണ് പലപ്പോഴും കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്നത്.

ഇത് കുട്ടികളുടെ പഠനത്തെപ്പോലും പ്രതികൂലമായി ബാധിക്കുന്നു എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. ഇക്കാര്യത്തിൽ ശക്തമായ ഇടപെടൽ നടത്താൻ ഗവൺമെന്റ് തയ്യാറാകണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, സ്കൂൾ കുട്ടികളെ സ്കൂളിലേയ്ക്ക് കൊണ്ടുപോകുമ്പോൾ വാഹനങ്ങളുടെ തകരാറുമൂലം ധാരാളം അത്യാഹിതങ്ങൾ സംഭവിക്കുന്നുണ്ടെന്ന വേദനാജനകമായ ചിത്രം നമ്മുടെ നാട്ടിലുണ്ടെന്നത് സത്യമാണ്. ഇത് നിയന്ത്രിക്കാൻ കർശനമായ നടപടികൾ സ്വീകരിക്കുകയാണ് സർക്കാരിനുമുന്നിലുള്ള ഏകപോംവഴി. സ്കൂൾ ബസ്സുകൾ അല്ലാത്ത വാഹനങ്ങളിൽ കുട്ടികളെ കൊണ്ടുപോകുന്നുണ്ട്. അത്തരം വാഹനങ്ങളെ പരിശോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യണമെന്നതാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച വിഷയം. ഇക്കാര്യത്തിൽ പൊതുസമൂഹം ഒരു നിലപാട് സ്വീകരിക്കേണ്ടതായിട്ടുണ്ട്. തങ്ങളുടെ കുട്ടികളുടെ സുരക്ഷ മറ്റുള്ളവരിലാണെന്ന് ധരിക്കുന്നത് ശരിയല്ല. അനധികൃത വാഹനങ്ങളിൽ കുട്ടികളെ അയയ്ക്കുന്ന രക്ഷിതാക്കൾ തന്റെ മക്കളെ എങ്ങോട്ടാണ് അയയ്ക്കുന്നതെന്ന കാര്യത്തിൽ ജാഗ്രത പാലിക്കുകയും വേണം. രണ്ടുംകൂടി ചേരുമ്പോഴാണ് നാം ആഗ്രഹിക്കുന്നതുപോലെ ഒരു നല്ല അന്തരീക്ഷമുണ്ടാക്കാൻ കഴിയുന്നത്. ഇത് ലക്ഷ്യമാക്കി നിരവധി നിർദ്ദേശങ്ങൾ

നൽകിയിട്ടുണ്ട്. ജോയിന്റ് റീജിയണൽ ആർ. റ്റി. ഓഫീസർമാർക്ക് തങ്ങളുടെ പരിധിയിലുള്ള സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സുരക്ഷക്കായി ആ വിദ്യാലയങ്ങളിൽ ഒരു അദ്ധ്യാപകനെ നോഡൽ ഓഫീസറായി നിയമിക്കുകയും അവിടെ വാഹനത്തിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെ പേര്, വിലാസം, രക്ഷകർത്താക്കളുടെ വിവരം, സമ്പർക്ക നമ്പർ എന്നിവ ലാമിനേറ്റ് ചെയ്ത് വാഹനങ്ങളിൽ സൂക്ഷിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെ തന്നെ നിർദ്ദിഷ്ട യോഗ്യതയില്ലാത്തവർ വാഹനം ഓടിക്കുന്നുവെന്ന പരാതി പരക്കെയുണ്ട്. അക്കാര്യം കർശനമായി പരിശോധിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഡോർ അറ്റൻഡർമാരെ നിയമിക്കണമെന്നും പറഞ്ഞിട്ടുണ്ട്. ഇതൊന്നും പാലിക്കുന്നില്ല. അവർക്ക് ശമ്പളം നൽകണമെന്നുള്ളതുകൊണ്ട് സ്കൂൾ അധികൃതർ പലപ്പോഴും ആ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുകയാണ്. പരിശോധനയ്ക്ക് വരുമ്പോൾ അവർ തത്കാലം ബോധ്യപ്പെടുത്തുന്നതിനുവേണ്ടിമാത്രം ആളുകളെ നിയമിക്കുകയും പിന്നെ അതില്ലാത്തതുമായ അവസ്ഥയാണുള്ളത്. പി.ടി.എ.-കളാണ് ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പാലിക്കേണ്ടത്. സർക്കാരിന് ഇടയ്ക്കിടെ പരിശോധന നടത്താനും കുറ്റവാളികളെ ശിക്ഷിക്കാനുമാണ് കഴിയുന്നത്. ഇപ്രാവശ്യം അധ്യയന വർഷം

ആരംഭിക്കുന്നതിനുമുൻപ് എല്ലാ വിദ്യാലയങ്ങളെയും കേന്ദ്രീകരിച്ച് കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളെ സംബന്ധിച്ച ഒരു റാൻഡം ചെക്കപ്പ് നടത്തുന്നതിന് പ്രത്യേകമായ ശ്രദ്ധ ചെലുത്തുന്നതാണ്. കഴിഞ്ഞ കാലഘട്ടത്തിൽ നടത്തിയ നിയമലംഘനങ്ങൾ പരിശോധിച്ചതിൽ 480 സ്കൂൾ വാഹനങ്ങൾ നിയമലംഘനം നടത്തുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. പിഴ അടക്കമുള്ള വിവിധ ശിക്ഷാ നടപടികൾ സ്വീകരിച്ച് അവ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റൊരു പരിപാടി എന്ന നിലയിൽ എല്ലാ സ്കൂൾ ബസ്സുകൾക്കും അടുത്ത വിദ്യാഭ്യാസ വർഷം മുതൽ ജി.പി.എസ്. നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരും രക്ഷിതാക്കളും ജാഗ്രതയോടുകൂടി പ്രവർത്തിക്കുമ്പോൾ മാത്രമേ സ്കൂൾ വാഹനങ്ങളിൽ നിന്നുള്ള അപകടം കുറച്ച് സ്വന്തം മക്കളുടെ ജീവൻ സംരക്ഷിക്കാൻ കഴിയൂ. അക്കാര്യത്തിൽ പൊതുസമൂഹത്തിന്റെ പൊതുവായ ജാഗ്രതയാണ് സർക്കാർ ആഗ്രഹിക്കുന്നത്.

ശ്രീ. അനൂപ് ജേക്കബ്: സർ, കുട്ടികളെ വാഹനങ്ങളിൽ കുത്തിനിറച്ചിരിക്കുന്നത് നമ്മൾ യാത്ര ചെയ്യുമ്പോൾ കാണുന്ന കാര്യമാണ്. ഡ്യൂട്ടി ചെയ്യുന്ന പോലീസുകാരുടെ മുന്നിൽക്കൂടി ഇത്തരം വാഹനങ്ങൾ പോകുമ്പോഴും അവർ അത് കണ്ടില്ലെന്ന് നടിക്കുകയാണ്. അങ്ങ്

പറഞ്ഞതുപോലെ ഇതിന് പ്രത്യേക ഡ്രൈവൊന്നും ആവശ്യമില്ല. ഇവ കാണുമ്പോൾ തന്നെ നടപടിയെടുക്കാനുള്ള നിർദ്ദേശം പോലീസ് വകുപ്പിനും അങ്ങയുടെ വകുപ്പിനും നൽകാൻ കഴിയുമോ; അതോടൊപ്പം പ്രൈവറ്റ് കോൺട്രാക്ട് വാഹനങ്ങൾക്ക് പ്രത്യേക നിറം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ, സ്കൂൾ ബസ്സുകൾക്ക് മഞ്ഞ നിറമുണ്ട്. സ്കൂളുകളിലേയ്ക്ക് കുട്ടികളെ കൊണ്ടുപോകുന്ന പ്രൈവറ്റ് വാഹനങ്ങൾക്ക് പ്രത്യേക നിറം നൽകാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, സ്കൂൾ വാഹനങ്ങൾക്ക് ഇപ്പോൾ തന്നെ മഞ്ഞനിറം നിർബന്ധമാക്കിയിട്ടുണ്ട്. ട്രാഫിക് പോലീസും ആർ.റ്റി.ഒ. ഉദ്യോഗസ്ഥരും ഇത്തരം വാഹനങ്ങളുടെ കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുമ്പോൾപോലും അലസത കാണിക്കുന്നുവെന്ന ആക്ഷേപമാണ് അങ്ങ് ഇവിടെ ഉന്നയിച്ചത്. പോലീസ് വകുപ്പുമായും മോട്ടോർ വെഹിക്കിൾ വകുപ്പുമായും ഇതുസംബന്ധിച്ച ആശയ വിനിമയം നടത്തുന്നതിനും നല്ല രീതിയിലുള്ള ഇടപെടൽ നടത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുന്നതാണ്.